**പതിമൂന്നാംകേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1165** — **14.06.2012 - ൽ മറുപടിക്ക്**

# കെ.എസ്.റ്റി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ള റോഡുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. പാലോട് രവി**<br>**,, ജോസഫ് വാഴക്കൻ**<br>**,, അൻവർ സാദത്ത്**<br>**,, കെ. അച്ചുതൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പമന്ത്രി)** |
| (എ) കെ.എസ്.റ്റി.പി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ എത്ര കി.മി റോഡുകൾക്കാണ് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ടി.പി.രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആകെ 367 കി.മീ. ദൈർഘ്യമുള്ള ഏഴ് റോഡുകളുടെ പുനരുദ്ധാരണത്തിന് മാത്രമാണ് ലോകബാങ്ക് ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ളത് എന്നാൽ 1000 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുന്നതും ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച 254 കി.മി. റോഡുകളുടെയും 28 ഹെവി മെയിന്റനൻസ് റോഡുകളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതും കൂടി ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം 2012 ഫെബ്രുവരി മാസം സംസ്ഥാനം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) റോഡ് നിർമ്മിക്കുന്നതിനോട് അനുബന്ധിച്ചുള്ള മെയിന്റനൻസ് വ്യവസ്ഥകൾ എന്തൊക്കെയാണ്; | (ബി) റോഡ് അറ്റകുറ്റപ്പണികൾക്കുള്ള പണം സംസ്ഥാനത്തിന്റെ വിഹിതമായി ചെലവാക്കണം, റോഡ് പണി പൂർത്തിയായാൽ അഞ്ചു വർഷം റോഡുകൾ അതേ നിലവാരത്തിൽ നിലനിർത്തുന്നതിനുവേണ്ട സാധാരണ അറ്റകുറ്റപണികൾ ബന്ധപ്പെട്ട കരാറുകാരൻതന്നെ ചെയ്യണം എന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുന്നുണ്ട്. ഈ കാലഘട്ടത്തിൽ ഓരോ മാസവും എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് സന്ദർശിച്ച് നിർദ്ദേശിക്കുന്ന പണികൾ അതാതു മാസം തന്നെ ചെയ്തു തീർത്തെങ്കിൽ മാത്രമേ മെയിന്റനൻസിനുള്ള നിശ്ചിത തുക റിലീസ് ചെയ്യുകയുള്ളു എന്ന വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| (സി) റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) റോഡു നിർമ്മാണത്തിന്റെ പ്രരംഭ പ്രവർത്തനങ്ങൾക്കായി 2001 -ൽ പൂർത്തിയാക്കിയ എഞ്ചിനീയറിംഗ് ഡിസൈനുകളും എസ്റ്റിമേറ്റും പുതുക്കൽ ഏതാണ്ട് പൂർത്തിയായി. ദർഘാസ് പ്രമാണങ്ങളും തയ്യാറാക്കി വരുന്നു. പുനരുദ്ധാരണപണികൾ സൂപ്പർ വൈസു ചെയ്യുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുവാൻ വേണ്ടിയുള്ള അന്തർദേശീയ ദർഘാസ് പരസ്യപ്പെടുത്തികഴിഞ്ഞു. ഹെവിമെയിന്റനൻസു പണികൾക്കായി പ്രോജക്റ്റ് റിപ്പോർട്ട് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ